നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 3, ബുധൻ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1979 ഒക്ടോബർ 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഭരണച്ചെലവു കുറയ്ക്കാൻ നടപടി

*113 [122] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണച്ചെലവു കുറയ്ക്കാൻ സംസ്ഥാന ഗവൺമെൻറ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) അതിൻെറ ഫലം എന്ത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) നടപ്പു പഞ്ചവൽസരപദ്ധതിക്കാവശ്യമായ വിഭവസമാഹരണത്തിൻെറ ഭാഗമായി ഭരണരംഗത്ത് ചെലവുചുരുക്കൽ ഏർപ്പെടുത്തിക്കൊണ്ട് 6-8-1979-ൽ പുറപ്പെടുവിച്ച ഉത്തരവിൻെറ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട് ‡.

(ബി) ഫലം തിട്ടപ്പെടുത്താറായിട്ടില്ല.

ശ്രീ. ടി. എ. മജീദ്: ഡിപ്പാർട്ടുമെൻറുകൾ പെട്രോൾ ഉപയോഗിക്കുന്നതിനെപ്പറ്റി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പെട്രോൾ ഉപയോഗിക്കുന്നതു ചുരുക്കുന്നതിനെസംബന്ധിച്ച് പ്രത്യേകമായ ഒരു നിർദ്ദേശംതന്നെ നൽകിയിട്ടുണ്ട്. പ്രത്യേകിച്ച് ഈ അടുത്തകാലത്ത് പെട്രോളിൻെറ വില

‡ അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly